"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ (എ) വകുപ്പ്- ഓപ്പറേഷൻ അനന്ത- ചാല ബസാർ ഡ്രയിനേജ് നിർമ്മാണം- 19/2020 നമ്പർ എൽഎആർ കേസിലെ 30.09.2024 തിയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.172/2026/DMD തീയതി,തിരുവനന്തപുരം, 14-03-2026

പരാമർശം:- 1. തിരുവനന്തപുരം അഡീഷണൽ ജില്ലാ കോടതിയിലെ 30/09/2024 ലെ എൽഎആർ 19/20 നമ്പർ വിധിന്യായം

2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 13/02/2026 ലെ DCTVM/3907/2025-K18 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിൽ മണക്കാട് വില്ലേജിൽ ഓപ്പറേഷൻ അനന്തയുടെ ഭാഗമായി ചാല ബസാർ ഡ്രയിനേജ് നിർമ്മാണവുമായി ബന്ധപ്പെട്ട് 0.33sq.meter സ്ഥലം ഏറ്റെടുക്കുകയും, ഒരു ആറിന് എൽ.എ.ഒ 23,34,233/- രൂപ വില നിർണ്ണയിക്കുകയും, ആയത് പ്രകാരം 15,40,594/- രൂപ രണ്ട് തവണകളായി ബന്ധപ്പെട്ട എൽ.എ.ആർ കക്ഷിയായ ശ്രീമതി. ഹസീനയ്ക്ക് നൽകുകയും, തുടർന്ന് കക്ഷി സെക്ഷൻ 64 പ്രകാരം വർദ്ധിപ്പിച്ച നഷ്ടപരിഹാരത്തിന് അപേക്ഷ നൽകുകയും, District Level Fair Compensation Re-habilitation and Re-settlement committee കക്ഷിക്കു അനുവദിച്ച നഷ്ടപരിഹാര തുകക്ക് സമ്മതം അറിയിച്ചിട്ടുണ്ടായിരുന്നതും, ആയതിനാൽ വർദ്ധിച്ച നഷ്ടപരിഹാരത്തിനുള്ള അപേക്ഷ പരിഗണിക്കുവാൻ കഴിയില്ലെന്നും കാണിച്ച് അപേക്ഷ നിരസിച്ചിരുന്നു. തുടർന്ന് കക്ഷി ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റിഷൻ ഫയൽ ചെയ്യുകയും ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പിന്നീട് റഫറൻസ് അപേക്ഷ അയച്ചിട്ടുള്ളതാണ്. അപ്രകാരമുള്ള 19/2020 നമ്പർ എൽഎആർ കേസിലെ 30.09.2024 തീയതിയിലെ വിധിന്യായത്തിൽ ബഹു. ജില്ലാ കോടതി ഒരാറിന് 31,64,789/- രൂപയായി വില വർദ്ധിപ്പിച്ച് നല്കിയിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായത്തിൽ എജിയുടെ നിയമോപദേശം തേടുകയും, ആയതിന്മേൽ 09.06.2025 ൽ എജിയിൽ നിന്നും ലഭിച്ച നിയമോപദേശത്തിൽ, അപ്പിൽ ഫയൽ ചെയ്യാൻ കഴിയില്ല എന്ന് അഡ്വക്കേറ്റ് ജനറൽ അറിയിച്ചിട്ടുള്ളതാണ്. തിരുവനന്തപുരം അഡീഷണൽ ജില്ലാ കോടതിയിലെ 30.09.2024 ലെ എൽഎആർ 19/20 നമ്പർ വിധിന്യായം ഡിക്രി പരിശോധിച്ചതിൽ, വസ്തുവിന് ഒരു ആറിന് 31,64,789/- രൂപ വില നിശ്ചയിച്ച് ഏറ്റെടുത്ത 0.33 ആറിന് 10,44,380/- രൂപ വില കണക്കാക്കിയിട്ടുള്ളതും, കെട്ടിടത്തിന് 3,00,000/- രൂപ നഷ്ടപരിഹാരം കൂടി ചെർത്ത് മാർക്കറ്റ് വില 13,44,380/- രൂപയും ആയതിന് 100% സൊലേഷ്യവും 7038/- രൂപ കോടതി ചെലവും അനുവദിച്ചിട്ടുണ്ട്. ആയത് പ്രകാരം ആകെ നഷ്ടപരിഹാരത്തുകയായി വരുന്ന തുക (26,88,760+ 7038) 26,95,798 രൂപയാണെന്നും, ടി തുകയിൽ 07.12.2016 ൽ നല്കിയിട്ടുള്ള 4,95,000 രൂപയും, 14.06.2017 ൽ നല്കിയിട്ടുള്ള 10,45,594/-

രൂപയും (ആകെ 15,40,594/- രൂപ) കഴിച്ച് ബഹു. കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വിധിക്കടത്തുകയായി 11,55,204/- രൂപ കക്ഷിക്ക് നല്കുവാൻ ബാക്കി ഉള്ളതായും മേൽ സാഹചര്യത്തിൽ കക്ഷിക്ക് നല്ലവാനുള്ള വിധിക്കടത്തുക 11,55,204/-രൂപ (പതിനൊന്ന് ലക്ഷത്തി അൻപത്തി അയ്യായിരത്തി ഇരുന്നൂറ്റിനാല് രൂപ) അനുവദിച്ച് നൽകണമെന്നാണ് പരാമർശം (2) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ ആവശ്യപെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിൽ മണക്കാട് വില്ലേജിലെ ഓപ്പറേഷൻ അനന്തയുടെ ഭാഗമായി ചാല ബസാർ ഡ്രയിനേജ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത 0.33sq.meter സ്ഥല തിന്നു 11,55,204/-രൂപ (പതിനൊന്ന് ലക്ഷത്തി അൻപത്തി അയ്യായിരത്തി ഇരുന്നൂറ്റിനാല് രൂപ) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ "2245-02-101-94-Flood other items" എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്കു അനുവദിച്ചുകൊണ്ട് തിരുവനന്തപുരം അഡീഷണൽ ജില്ലാ കോടതിയുടെ പരാമർശം (1) ഉത്തരവിലെ വിധി നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

ശ്രീമതി. ഹസീന, TC 36 /699 ,പട്ടരംഗ ലൈൻ ,ചാല പി ഒ,തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം,തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Vincent U**
**Date: 14-03-2026 20:30:51**
സെക്ഷൻ ഓഫീസർ